## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2162** **11.06.2018-ൽ മറുപടിക്ക്**

**<u>മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് മാസ്റ്റർ പ്ലാൻ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.മോൻസ് ജോസഫ്**<br>**ഡോ.എൻ.ജയരാജ്**<br>**ശ്രീ.പി.ജെ.ജോസഫ്** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | എറണാകുളം മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി Kerala State Industrial Development Corporation Ltd. (KSIDC) സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 3,68,74,61,142/- രൂപയ്ക്ക് M/s.INKEL മുഖേന നടപ്പിലാക്കുന്നതിനും തുക കിഫ്ബി ധനസഹായം മുഖാന്തിരം കണ്ടെത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള Speciality Block, Maternal & Child Helath Block, Common Amenity Centre, Staff quarters, PG quarters, Indoor stadium എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 717.29 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസലും, വയനാട് മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 6,25,38,52,931/- രൂപയുടെ പ്രൊജക്ട് പ്രൊപ്പോസലും M/s.INKEL മുഖേന നടപ്പാക്കുന്നതിനും തുക കിഫ്ബി ധനസഹായം മുഖാന്തിരം കണ്ടെത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കോട്ടയം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി കരട് മാസ്റ്റർ പ്ലാൻ M/s. HITES തയ്യാറാക്കിവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ചുമതല M/s.Mathrubhoomi സ്പോൺസർ ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്. |
| സി) | ഏതെല്ലാം മെഡിക്കൽ കോളേജുകളെയാണ് പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തുന്നത്; വിശദാംശം നൽകുമോ? | (സി) | എറണാകുളം മെഡിക്കൽ കോളേജിനെയാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ